## 2013 – 14 വർഷത്തെ ബഷീർ ചെയറിന്റെ പ്രവർത്തന റിപ്പോർട്ട്

വൈക്കം മുഹമ്മദ് ബഷീർ ചെയറിന്റെ ആഭിമുഖ്യത്തിൽ ബഷീറിന്റെ 20-ാം ചരമവാർഷികം 2014 ജൂലൈ അഞ്ച് ശനിയാഴ്ച ബഷീർ മ്യൂസിയത്തിൽ വച്ച് നടത്തുകയുണ്ടായി. വൈസ് ചാൻസലർ ഡോ. എം. അബ്ദുൽ സലാം ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പ്രശസ്ത നോവലിസ്റ്റ് സി. രാധാകൃഷ്ണൻ ബഷീർ അനുസ്മരണ പ്രഭാഷണം നടത്തി. വൈക്കം മുഹമ്മദ് ബഷീർ ചെയർ വിസിറ്റിങ്ങ് പ്രഫസർ ഡോ. എം.എം. ബഷീർ സ്വാഗതം ആശംസിച്ചു. മലയാള വിഭാഗം മേധാവി ഡോ. എൽ. തോമസ് കുട്ടി അധ്യക്ഷനായിരുന്നു. എൻ.പി. ഹാഫിസ് മുഹമ്മദ്, കെ.പി. സുധീര, കെ.പി. കുഞ്ഞിമൂസ എന്നിവർ ബഷീറിന്റെ ഓർമകൾ പങ്കുവച്ചു.

ഉച്ചയ്ക്ക് രണ്ടു മണി മുതൽ ഇഎംഎസ് സെമിനാൽ ഹാളിൽ വച്ച് ശ്രീ. പ്രമോദ് പയ്യന്നൂർ സംവിധാനം ചെയ്ത 'ബാല്യകാലസഖി' സിനിമ പ്രദർശിപ്പിച്ചു. തുടർന്ന് 'ബാല്യകാലസഖിക്ക് എഴുപത്' എന്ന വിഷയത്തെ അധികരിച്ച് കാലിക്കറ്റ് സർവകലാശാലാ ഇംഗ്ലീഷ് വിഭാഗം അധ്യക്ഷൻ ഡോ. കെ.എം. ഷെറീഫ് മുഖ്യപ്രഭാഷണം നടത്തി. ഇബ്രാഹിം വെങ്ങര, ഡോ. ഉമർ തറമേൽ, ഡോ. പി. സോമനാഥൻ, ഡോ.ആർ.വി.എം. ദിവാകരൻ, ഡോ. എം.ബി. മനോജ്, ഡോ. കെ.എം. അനിൽ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. അനിൽ വള്ളത്തോൾ നന്ദി പ്രകാശിപ്പിച്ചു.

കാലിക്കറ്റ് സർവകലാശാല വൈക്കം മുഹമ്മദ് ബഷീർ ചെയറിന്റെ ആഭിമുഖ്യത്തിൽ സെമിനാർ കോംപ്ലക്സിൽ വച്ച് 'കഹേ കബീർ' താളവാദ്യ തന്ത്രീസമന്വയം 2014 ആഗസ്റ്റ് 19 ചൊവ്വാഴ്ച വൈകുന്നേരം ആറ് മണിക്ക് നടത്തുകയുണ്ടായി. മധ്യകാലകവിയുടെ ദോഹകൾക്ക് വിഖ്യാത സംഗീതജ്ഞൻ പണ്ഡിറ്റ് കുമാർ ഗന്ധർവ, ആബിദ പർവീൺ, പണ്ഡിറ്റ് ഭീംസെൻ ജോഷി, പണ്ഡിറ്റ് ജസ്രാജ് തുടങ്ങിയവർ ഒരുക്കിയ ആവിഷ്കാരങ്ങൾ മികവുറ്റതായി. സങ്കൽപനം, ആവിഷ്കാരം : ഹരിനാരായണൻ. അഹമ്മദ് ഇബ്രാഹിം, സജി ജോൺ, അനന്തകൃഷ്ണൻ, അമീർഷാർ തുടങ്ങിയവർ പങ്കെടുത്തു.

കാലിക്കറ്റ് സർവകലാശാല വൈക്കം മുഹമ്മദ് ബഷീർ ചെയറിന്റെ ആഭിമുഖ്യത്തിൽ 'ബഷീർ അമ്മ മലയാളം സാഹിത്യക്കൂട്ടായ്മ 2014'

സെപ്റ്റംബർ 14ന് ഞായർ മൂന്ന് മണിക്ക് തലയോലപ്പറമ്പ് ബഷീർ സ്മാരക ഗവ. യുപി സ്കൂളിലെ മജീദ് - സുഹ്റ ക്ലാസ് മുറിയിൽ വച്ച് നടത്തുകയുണ്ടായി. 'ബഷീർ തത്ത്വചിന്തയുടെ മൗലികഭാവം' എന്ന വിഷയത്തെപ്പറ്റി ശ്രീ. പി.ആർ. തങ്കപ്പൻ സംസാരിക്കുകയുണ്ടായി. ശ്രീ. കെ.ആർ. സുശീലൻ മോഡറേറ്ററായിരുന്നു.

ബഷീർ അമ്മ മലയാളം സാഹിത്യകൂട്ടായ്മയും കാലിക്കറ്റ് സർവകലാശാല വൈക്കം മുഹമ്മദ് ബഷീർ ചെയറും ചേർന്ന് 'സുൽത്താന്റെ നാട്ടിലെ അക്ഷരങ്ങളുടെ അമ്മ മലയാളത്തിന് ഒരു വർഷം' എന്ന പരിപാടി 2014 നവംബർ ഒമ്പതിന് സംഘടിപ്പിക്കുകയുണ്ടായി. മുൻ എം.പി ശ്രീ. പി.ടി. തോമസ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ ഡോ. ഷീന ഷുക്കൂർ (പ്രോ-വൈസ് ചാൻസലർ എംജി സർവകലാശാല) മുഖ്യപ്രഭാഷണം നടത്തി.

ബഷീറിന്റെ കയ്യെഴുത്തു പ്രതികൾ, കത്തുകൾ, കുടുംബാംഗങ്ങളും സുഹൃത്തുക്കളും ഉൾപ്പെടുന്ന ഫോട്ടോകൾ എന്നിവ ചെയറിൽ ലാമിനേറ്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. ബഷീർ ഉപയോഗിച്ച സാധനങ്ങൾ മിക്കതും ശേഖരിച്ചു. വൈക്കം മുഹമ്മദ് ബഷീർ മ്യൂസിയം സജ്ജീകരിക്കുവാനുള്ള ശ്രമത്തിലാണ്. ശേഖരിച്ച വസ്തുക്കൾ പ്രദർശിപ്പിക്കാൻ ഹാളുണ്ട്. എന്നാൽ, ഫർണീച്ചർ ഇല്ലാത്തതിനാൽ ഓഫീസ് മുറിയിൽ പൂട്ടിവച്ചിരിക്കുകയാണ്.

ഡോ. എം.എം. ബഷീർ
വിസിറ്റിങ്ങ് പ്രൊഫസർ
വൈക്കം മുഹമ്മദ് ബഷീർ ചെയർ

കാലിക്കറ്റ് യൂണിവേഴ്സിറ്റി
21-1-2014